ശ്രീകണ്ഠപുരത്ത് സബ്സ്റ്റേഷൻ

522 [579] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു സബ്സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സബ്സ്റ്റേഷന്റെ പണി എന്നത്തേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1988-ൽ പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി മോഷണം

523 [580] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചു;

(ബി) എത്ര വൈദ്യുതി അയൽ സംസ്ഥാനങ്ങൾക്ക് നൽകി;

(സി) ഉൽപ്പാദിപ്പിച്ച വൈദ്യുതി, മോഷണം മൂലം നഷ്ടപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് ഉൽപാദനത്തിന്റെ എത്ര ശതമാനമാണ്;

(ഇ) കഴിഞ്ഞവർഷം ഇപ്രകാരമുള്ള എത്ര കേസുകളാ പിടിച്ചു?

ഉത്തരം

(എ) 5357 ദശലക്ഷം യൂണിറ്റ്.

(ബി) അടിയന്തിര ഘട്ടങ്ങളിൽ 151 ദശലക്ഷം യൂണിറ്റ് നൽകി.

(സി) വൈദ്യുതി പ്രസരണ വിതരണ ശൃംഖലയിലെ മൊത്തം ഊർജ്ജത്തിൽ ഒരു ചെറിയ ശതമാനം മോഷണം മൂലം നഷ്ടപ്പെടുന്നുണ്ട്. എന്നാൽ ഇത് മൊത്തം നഷ്ടത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമായതിനാൽ പ്രത്യേകം കണക്കെടുത്തിട്ടില്ല.

(ഡി) 1985-86 മൊത്തം പ്രസരണ വിതരണ നഷ്ടം 18 ശതമാനമാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

വൈദ്യുതി വകുപ്പ് നൽകേണ്ട എക്സൈസ് ഡ്യൂട്ടി

524 [581] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി വകുപ്പ് നൽകേണ്ട എക്സൈസ് ഡ്യൂട്ടി എത്ര;

(ബി) എക്സൈസ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിലേക്ക് വൈദ്യുതി ബോർഡ് അടയ്ക്കേണ്ട മുഴുവൻ തുകയും അടച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly